LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, ഞങ്ങൾ ശ്രീ. ഉമ്മൻചാണ്ടി കണ്ടിൻജൻസി ഫണ്ടിനെ സംബന്ധിച്ചു കൊണ്ടുവന്ന അഞ്ചാറ് ഓർഡിനൻസുകൾ ചൂണ്ടിക്കാണിച്ച് ഭയപ്പെടുത്താൻ ശ്രമിച്ചില്ല, അത് പ്രശ്നമല്ല. അത് ഇഷ്യു അല്ലെന്നാണ് ഞങ്ങൾ പറഞ്ഞത്. അതുപോലെ തന്നെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കൊണ്ടുവന്നതും ടെമ്പററി ലെജിസ്ലേഷനാണ്. എന്നാൽ യൂണിവേഴ്സിറ്റി ആക്ടിനെ സംബന്ധിച്ചിടത്തോളം സമയം ഉണ്ടായിരുന്നു. സഭ കൂടി അത് ചെയ്യാമായിരുന്നു. അതിനുപകരം സഭയുടെ അവകാശം കവർന്നെടുത്തു എന്നുള്ളതാണ് വിഷയം.

## V. സ്പീക്കറുടെ റൂളിംഗ്

മി. സ്പീക്കർ: യൂണിവേഴ്സിറ്റി ബില്ലിന്റെ റീ-പ്രൊമുൽഗേഷൻ സംബന്ധിച്ച് അതിന്റേതായ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് 16-ാം തീയതി ഈ സഭയിൽ ഞാൻ നൽകിയ റൂളിംഗ് അതേപോലെ നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇന്ന് ഇവിടെ പ്രകടിപ്പിച്ച വികാരം പൂർണ്ണമായും ഉൾക്കൊള്ളുന്നു. ഒഴിവാക്കാൻ പാടില്ലാത്ത അസാധാരണ സന്ദർഭങ്ങളിൽ മാത്രം വളരെ ചുരുക്കമായി പ്രയോഗിക്കാവുന്ന ഒരു അസാധാരണ ആയുധം മാത്രമാണ് ഓർഡിനൻസ്. ആ നിലയിൽ ഓർഡിനൻസുകൾ പുനഃപ്രഖ്യാപിക്കുന്ന നടപടികൾ ഒട്ടും ആശാസ്യമല്ല എന്ന നിലപാടിനോട് ചെയർ പൂർണ്ണമായും യോജിക്കുന്നു. സുപ്രീംകോടതി വിധിയിൽ ഈ കാര്യം വിശദമായി പ്രതിപാദിക്കുകയും ഓർഡിനൻസുകൾ അത്യാവശ്യ സാഹചര്യമില്ലാതെ പുറപ്പെടുവിക്കുന്നതിനേയും ആയത് കൂടെക്കൂടെ പുനഃപ്രഖ്യാപിക്കുന്ന നടപടിയേയും ശക്തമായി വിമർശിക്കുകയും ചെയ്തിട്ടുണ്ട്. നിയമനിർമ്മാണ സഭയിൽ ചർച്ച ചെയ്ത് നിയമനിർമ്മാണം നടത്തുക എന്ന അടിസ്ഥാന തത്വത്തെ ബലികഴിച്ച് നിയമസഭകളെ മറികടന്ന് നിയമനിർമ്മാണ പ്രക്രിയ നിർവ്വഹിച്ചുകൊണ്ടുപോകുവാൻ ഗവൺമെന്റുകൾ കാണിക്കുന്ന വ്യഗ്രതയേയാണ് സുപ്രീംകോടതി വാദ്ധ്വാ കേസിൽ നിശിതമായി വിമർശിച്ചിട്ടുള്ളത്. സുപ്രീംകോടതി വിധിയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള സാഹചര്യങ്ങളിലല്ലാതെ ഓർഡിനൻസുകൾ പുറപ്പെടുവിക്കാനോ ആയത് റീപ്രൊമുൽഗേറ്റ് ചെയ്യുവാനോ പാടില്ലെന്നുതന്നെയാണ് ചെയറിന്റെ വ്യക്തമായ അഭിപ്രായം. ഗവൺമെന്റ് ഈ കാര്യം ലാഘവബുദ്ധിയോടുകൂടി കാണുകയില്ലെന്ന് ചെയർ പ്രത്യാശിക്കുന്നു.

## VI. സബ്മിഷൻ

### (1) വിമുക്തഭടൻമാരുടെ പ്രശ്നങ്ങൾ

ശ്രീ. എം. മുരളി: കേരളത്തിൽ അഞ്ചുലക്ഷം വിമുക്തഭടൻമാരുണ്ട്. ഏറ്റവും കൂടുതൽ വിമുക്തഭടൻമാരുള്ള മൂന്നാമത്തെ സംസ്ഥാനമാണ് കേരളം. ജീവിതത്തിന്റെ മദ്ധ്യാഹ്നത്തിൽ സർവ്വീസിൽനിന്നും പുറത്തുപോകുന്ന ഈ വിമുക്തഭടൻമാരുടെ ക്ഷേമത്തിന് ഇന്നുള്ളത് സൈനികക്ഷേമ ബോർഡുകൾ മാത്രമാണ്; അവയുടെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടുപോകുന്നില്ല എന്നുള്ളതുപരിഗണിച്ച് വിമുക്തഭടൻമാരെ പുനരധിവസിപ്പിക്കാനും അവർക്ക് സ്വയം തൊഴിൽ കണ്ടെത്താനും അവർക്ക് വ്യവ